# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ -5 — 25.04.2017 ൽ മറുപടിയ്ക്ക്

## സ്ത്രീകളുടെയും കുട്ടികളുടെയും നേരെയുള്ള അതിക്രമങ്ങൾ തടയാൻ നടപടി

**ചോദ്യം**

ശ്രീമതി.വീണാ ജോർജ്ജ്
ശ്രീ.എ. പ്രദീപ്കുമാർ
ശ്രീമതി. യു. പ്രതിഭ ഹരി
ശ്രീ.എം. മുകേഷ്

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും നേരെയുള്ള അതിക്രമങ്ങൾ കർശനമായി തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ;

(എ) സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിലേയ്ക്കും, അവരുടെ പരാതികൾ പരിഹരിക്കുന്നതിലേയ്ക്കുമായി തിരുവനന്തപുരത്ത് ഒരു സംസ്ഥാന വനിതാ സെല്ലും ജില്ലകളിൽ വനിതാ സെല്ലുകളും പ്രവർത്തിച്ചു വരുന്നു. കൂടാതെ ഈ സെല്ലുകളിൽ 24 മണിക്കൂറും പ്രവർത്തിയ്ക്കുന്ന വനിതാ ഹെൽപ്പ് ലൈനും നിലവിലുണ്ട്. അത്യാവശ്യഘട്ടങ്ങളിൽ സഹായത്തിനായി വുമൺ ഹെൽപ്പ് ലൈൻ നമ്പർ 181 പ്രവർത്തിച്ചു വരുന്നുണ്ട്. ഇതു കൂടാതെ പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡസ്ക് പ്രവർത്തിച്ചു വരുന്നു.

ഈസർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പിങ്ക് പോലീസ് കൺട്രോൾ റൂം ആറ് ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. രണ്ട് ജില്ലകളിൽ കൂടി ടി കൺട്രോൾ റൂം ഉടനെ ആരംഭിക്കുന്നതാണ്. ഉടനെതന്നെ എല്ലാ ജില്ലകളിലും പിങ്ക് പോലീസ് കൺട്രോൾ റൂം നടപ്പിൽ വരുത്തുന്നതാണ്. കൺട്രോൾ റൂമുമായി ബന്ധപ്പെടുന്നതിലേയ്ക്ക് 1515 എന്ന ടോൾ ഫ്രീ നമ്പർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വനിതാ പോലീസ് മാത്രം ഉൾപ്പെടുന്ന പിങ്ക് പോലീസ് പട്രോൾ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി പിങ്ക് പോലീസ് ബീറ്റ് സംവിധാനവും തുടങ്ങിയിട്ടുണ്ട്.

2017-2018-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ച വനിതാ പോലീസ് ഓഫീസറുടെ പഞ്ചായത്ത് സന്ദർശനം നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ഒരു വനിതാ പോലീസുദ്യോഗസ്ഥയെ പഞ്ചായത്ത് ബീറ്റ് ഓഫീസറായി നാമനിർദ്ദേശം ചെയ്യുന്നതാണ്. ടി വനിതാ പോലീസുദ്യോഗസ്ഥ എല്ലാ ചൊവ്വാഴ്ചകളിലും 10.30 എ.എം.നും 01.00 പി.എം.നും ഇടയ്ക്കുള്ള സമയത്ത് ബന്ധപ്പെട്ട പഞ്ചായത്ത് ഓഫീസ് സന്ദർശിക്കുന്നതാണ്. ഏതെങ്കിലും ഒഴിവാക്കാനാവാത്ത അത്യാവശ്യ കാര്യങ്ങളാൽ സന്ദർശനം നടത്താൻ സാധിച്ചില്ലെങ്കിൽ ആയത് അടുത്ത വരുന്ന വ്യാഴാഴ്ച സന്ദർശനം നടത്തുന്നതാണ്. ടി ഉദ്യോഗസ്ഥ സ്ത്രീകളിൽ നിന്നും പരാതികൾ സ്വീകരിക്കുന്നതും പരിഹരിക്കാൻ കഴിയുന്നവ അപ്പോൾ തന്നെ പരിഹരിച്ചും മറ്റുള്ളവ ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് അനന്തര നടപടികൾക്കായി കൈമാറുന്നതുമാണ്.

സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി സ്വയം പ്രതിരോധ പരിശീലന പരിപാടികൾ നടത്തി വരുന്നു. കൂടാതെ കോളേജ്, സ്കൂൾ, റസിഡന്റ്സ് അസ്സോസിയേഷൻ, കുടുംബശ്രീ യൂണിറ്റ് എന്നിവയുമായി ചേർന്ന് ബോധവൽക്കരണ ക്ലാസുകളും നടത്തി വരുന്നു.

ഇതിനുപുറമെ സംസ്ഥാനത്ത് തിരുവനന്തപുരം സിറ്റിയിലെ ഫോർട്ട്, കൊല്ലം സിറ്റിയിലെ കൊല്ലം ഈസ്റ്റ്, കൊച്ചി സിറ്റിയിലെ കടവന്ത്ര, തൃശ്ശൂർ സിറ്റിയിലെ തൃശ്ശൂർ ഠൗൺ ഈസ്റ്റ്, കോഴിക്കോട് സിറ്റിയിലെ കോഴിക്കോട് ഠൗൺ, കണ്ണൂരിലെ കണ്ണൂർ ഠൗൺ എന്നീ ആറ് പോലീസ് സ്റ്റേഷനുകൾ ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ ആക്കി മാറ്റുന്നതിനു വേണ്ടി അഞ്ച് ലക്ഷം രൂപ വീതം അനുവദിക്കുകയുണ്ടായി.

**(ബി) ഇത്തരം കേസുകളിൽ ഉദാസീന നിലപാട് സ്വീകരിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ വേണ്ട നിർദ്ദേശം നൽകുമോ;**

(ബി) ഇത്തരം കേസുകൾ റിപ്പോർട്ട് ചെയ്താൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റക്കാരെ അറസ്റ്റ് ചെയ്ത് അതിവേഗം നിയമ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ലാഘവത്തോടെ കൈകാര്യം ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന

നിയമ നടപടികൾ സ്വീകരിച്ച വരുന്നുണ്ട്.

| | |
|---|---|
| (സി) സ്ത്രീകളുടെയും കുട്ടികളുടെയും നേരെയുള്ള അതിക്രമങ്ങളും ചൂഷണങ്ങളും തടയാനും സ്ത്രീ സുരക്ഷ ഉറപ്പാക്കാനുമായി സർക്കാർ നടത്താനുദ്ദേശിക്കുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി ജാഗ്രതാ സമിതികളും, നിർഭയകേരളം സുരക്ഷിത കേരളം, ഓപ്പറേഷൻ ഗുരുകലം, നിർഭയ പദ്ധതി, ഓപ്പറേഷൻ വിസിൽ, മിത്ര 181 ടോൾഫ്രീ സംവിധാനം, ചൈൽഡ് ലൈൻ, വനിത ഹെൽപ്പ് ലൈൻ സംവിധാനം മുതലായ പദ്ധതികളും കൂടാതെ എല്ലാ പോലീസ് സ്റ്റേഷനുകളിൽ നിന്നും ബസ് സ്റ്റാന്റ്, റെയിൽവേസ്റ്റേഷൻ, മറ്റു തിരക്കേറിയ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പോലീസ് പട്രോളിംഗ് (പിങ്ക് പട്രോൾ) നടത്തുകയും, കൂടാതെ വനിതാ സെല്ലിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാ ഹെൽപ്പ് ലൈനും, സ്ത്രീകളുടേയും, കുട്ടികളുടേയും സുരക്ഷയ്ക്കായി ജനമൈത്രി പദ്ധതിയുടെ ഭാഗമായി സ്ത്രീ സുരക്ഷ സ്വയം പ്രതിരോധ പരിശീലന പരിപാടികൾ എന്നിവ നടത്തിവരുന്നു. കൂടാതെ കോളേജ്, സ്കൂൾ, റസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ യൂണിറ്റ് എന്നിവയുമായി ഒത്തൊരുമിച്ച് ബോധവത്കരണ ക്ലാസുകൾ നൽകിവരുകയും ചെയ്യുന്നുണ്ട്.<br><br>2017-2018-ലെ നയ പ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം താലൂക്കടിസ്ഥാനത്തിൽ വനിതാ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനു വേണ്ട നടപടി പ്രാരംഭ ഘട്ടത്തിലാണ്. സംസ്ഥാനത്ത് ഒരു വനിതാ ബറ്റാലിയൻ ആരംഭിക്കുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ബറ്റാലിയന്റെ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതാണ്. കൂടാതെ സംസ്ഥാന പോലീസിലെ വനിതാ പ്രാതിനിധ്യം ഘട്ടം ഘട്ടമായി ഉയർത്തുന്നതിന്റെ ഭാഗമായി വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ വിവിധ തസ്തികകൾ അനുവദിക്കുന്നതിനുവേണ്ടിയുള്ള ശിപാർശ സർക്കാരിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ.